## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4891 — 27.10.2016 -ലെ മറുപടിയ്ക്ക്

## യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തിക

<u>ചോദ്യം</u> — <u>ഉത്തരം</u>

ശ്രീ. എസ്. ശർമ്മ — പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള യൂണിവേഴ്സിറ്റികളിൽ അസിസ്റ്റന്റ് തസ്തികയിൽ ആകെ എത്ര ഒഴിവുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | **കേരള സർവ്വകലാശാല - 232** ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന നടപടികൾ പൂർത്തിയാക്കി വരുന്നു.<br><br>അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ജോലിചെയ്യുന്നുണ്ട്. അസിസ്റ്റന്റുമാരെ നിയമിക്കുന്ന മുറയ്ക്ക് ഇവരെ ഒഴിവാക്കി വരുന്നു.<br><br>**കാലിക്കറ്റ് സർവ്വകലാശാല –20** ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുകയും, പി.എസ്.സി. അഡ്വൈസ് അയച്ച 20 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാൻ 22.10.2016 ൽ ചേർന്ന സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടുണ്ട്.<br><br>**കണ്ണൂർ സർവ്വകലാശാല** - അസിസ്റ്റ് തസ്തികയിൽ 71 ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ 67 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. നോൺ ജോയിനിങ് ഉൾപ്പെട പ്രതീക്ഷിക്കുന്ന ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.<br><br>**എം.ജി. സർവ്വകലാശാല –118** ഒഴിവുകളിൽ 108 എണ്ണം നിലവിൽ നികത്തിയിട്ടുണ്ട്. 4 പേർക്ക് നിയമാനുസൃതമായി എക്സ്റ്റൻഷൻ നൽകിയിട്ടുണ്ട്. 01.06.2016 ന ശേഷം നിലവിൽ വന്നവയും സർവ്വീസിൽ പ്രവേശിക്കാതിരുന്ന 6 പേരുടെയും ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി |
| (ബി) | പ്രസ്തുത തസ്തികയിലുള്ള മുഴുവൻ ഒഴിവുകളും നികത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മുഴുവൻ ഒഴിവുകളും എത്ര കാലത്തിനുള്ളിൽ നികത്താനാകുമെന്നാണ് കണക്കാക്കുന്നത്; പി.എസ്.സി. വഴി നിയമിക്കേണ്ട തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലോ കരാർ വ്യവസ്ഥയിലോ നിയമനം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു.<br><br>**കുസാറ്റ്** - റിപ്പോർട്ട് ചെയ്ത 30 ഒഴിവുകളിൽ 29 അസിസ്റ്റന്റുമാരുടെ മാറ്റടെനിയമന പ്രക്രിയ പൂർത്തിയാക്കുകയും ചെയ്തു. മെമ്മോ അയച്ചിട്ടും ജോലിയിൽ പ്രവേശിക്കാത്ത ഉദ്യോഗാർത്ഥിയുടെ ഒരൊഴിവ് നിലിവിലുള്ള നിയമനം നടപടിക്രമം പാലിച്ച് എത്രയും വേഗം നടത്തുന്നതായിരിക്കും<br>പി.എസ്.സി. വഴി ആ ഒഴിവിലേയ്ക്ക നിയമനം പൂർത്തിയാക്കുന്ന മുറയ്ക്ക് ആ ഒഴിവിൽ ജോലിചെയ്യുന്ന ദിവസവേതനക്കാരെ ഒഴിവാക്കുന്നതായിരിക്കും.<br><br>**നുവാൽസ്** - ഒഴിവുകൾ ഉണ്ടായിട്ടില്ല.<br><br>**എ.പി.ജെ. അബ്ദുൾ കലാം ടെക്കിനോളജിക്കൽ സർവ്വകലാശാല** യിൽ കാമ്പസിൽ 4 ഉം. ഹെഡ് ക്വാർട്ടേഴ്സിൽ 16 ഉം അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഉണ്ട്.<br><br>മറ്റ് സർവ്വകലാശാലകളിൽ നിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അസിസ്റ്റന്റ് തസ്തിക പിഎസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.<br><br>**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല** - അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ചിട്ടില്ല.<br><br>**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല** – നിലവിലുള്ള ഒരു ഒഴിവ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദിവസ വേതനം / കരാർ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടില്ല.<br><br>കാലിക്കറ്റ് സർവ്വകലാശാല, എം.ജി. സർവ്വകലാശാല , എ.പി.ജെ. അബ്ദുൾ കലാം ടെക്കിനോളജിക്കൽ സർവ്വകലാശാല, നുവാൽസ്, കണ്ണൂർ സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ |

| | | | |
|---|---|---|---|
| | | | നിലവിൽ ആരും തന്നെ അസിസ്റ്റന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലോ, കരാർ വ്യവസ്ഥയിലോ ജോലി നോക്കുന്നില്ല |

**സെക്ഷൻ ഓഫീസർ**